# ഈ കടം നിങ്ങൾ കൊടുത്ത് തീർത്തുവോ?

സാക് പുന്നൻ

WFTW 17 ഫെബ്രുവരി 2012

എല്ലാ കടവും പണസംബന്ധമായതല്ല (റോമർ 13:8). റോമർ 13:7നോട് ചേർത്ത് വായിക്കുമ്പോൾ ബഹുമാനം, ആദരവ്, അനുസരണം എന്നീ കാര്യങ്ങളും നാം മറ്റുള്ളവരോട് കടംപെട്ടിരിക്കുന്നവയാണ് എന്ന് കാണുന്നു.

**മാതാപിതാക്കൾ:** കുഞ്ഞുങ്ങൾ ഭവനത്തിൽ ആയിരിക്കുന്നേടത്തോളം കാലം അവരുടെ മാതാപിതാക്കളെ അനുസരിക്കണം. അതേസമയം മാതാപിതാക്കൾ ജീവിച്ചിരിക്കുന്നെടത്തോളം അവരെ ബഹുമാനിക്കേണ്ടതാണ് (എഫേസ്യർ 6:13). മാതാപിതാക്കളെ ബഹുമാനിക്കുക എന്നത് അവരോടു കാണിക്കുന്ന ഒരു ഔദാര്യമല്ല. എന്നാൽ ജീവിതകാലം മുഴുവൻ അവരോടു കടംപെട്ടിരിക്കുന്ന ഒന്നാണ്.

**ഭാര്യാ-ഭർത്താക്കന്മാർ:** ഭർത്താക്കന്മാരെ ബഹുമാനിച്ച് അവർക്ക് കീഴടങ്ങിയിരിക്കാനാണ് ഭാര്യമാരോട് കൽപിച്ചിരിക്കുന്നത് (എഫേസ്യർ 5:22,23). ഇത് എല്ലാ ഭാര്യമാർക്കും അവരുടെ ഭർത്താക്കന്മാരോടുള്ള ഒരു കടമയാണ്. ഭാര്യമാരെ സ്നേഹിക്കുക എന്നാണു ഭർത്താക്കന്മാരോട് കൽപ്പിച്ചിരിക്കുന്നത് (എഫേസ്യർ5:25,33). ഇതും ജീവിതകാലം മുഴുവൻ എല്ലാ ഭർത്താക്കന്മാർക്കും ഭാര്യമാരോടുള്ള കടമാണ്.

**എല്ലാ മനുഷ്യരോടും :** എല്ലാ മനുഷ്യരെയും ബഹുമാനിക്കുവാനാണ് നമ്മോട് കൽപ്പിച്ചിരിക്കുന്നത് (1പത്രോസ് 2:17). ധനവാനെന്നോ ദരിദ്രനെന്നോ വ്യത്യാസമില്ലാതെ എല്ലാ മനുഷ്യരോടും നമുക്കുള്ള ഒരു കടമാണിത്. ഒരു വിശ്വാസി ബഹുമാനമില്ലാതെ ആരോടെങ്കിലും സംസാരിച്ചാൽ ഈ കൽപ്പന ലംഘിക്കുകയാണ്. ദൈവത്തോടും ആ വ്യക്തിയോടും ക്ഷമ ചോദിച്ചുകൊണ്ട് അയാൾ ആ കടം വീട്ടേണ്ടതാണ്.

**ആത്മീയ ശുശ്രൂഷയോടുള്ള നന്ദി:** നമ്മെ ആത്മീയമായി ശുശ്രൂഷിച്ചവരോട് നാം അത്യധികം കടംപെട്ടിരിക്കുന്നു. ദൈവ നാമത്തിൽ നമ്മെ സേവിക്കുകയും ആ ശുശ്രൂഷയാൽ നമ്മെ അനുഗ്രഹിക്കുകയും ചെയ്തവരെ അഭിനന്ദിക്കുകയും അവരോടു നന്ദി കാണിക്കുകയും അവരെ ബഹുമാനിക്കുകയും ചെയ്യണമെന്നു പുതിയനിയമം പല ഭാഗത്തായി നമ്മോടു കൽപ്പിക്കുന്നുണ്ട്.

'നിങ്ങളെ വഴി നടത്തുവാനുള്ള ഉത്തരവാദിത്വം എൽപ്പിച്ചിട്ടുള്ളവരും നിങ്ങൾക്കുവേണ്ടി അത്യദ്ധ്വാനം ചെയ്യുന്നവരുമായ നേതാക്കന്മാരെ ബഹുമാനിക്കുക, അവരെ അഭിനന്ദനങ്ങൾ കൊണ്ടും സ്നേഹം കൊണ്ടും മൂടുക (1തെസ്സ:5:12,13). വളരെ എളുപ്പം കൊടുത്ത് തീർക്കാവുന്ന ഒരു കടമാണിത്. എങ്കിലും പല വിശ്വാസികളും അത് കൊടുത്ത് തീർക്കുന്നില്ല. ആത്മീയ ശുശ്രൂഷകളാൽ തങ്ങളെ അനുഗ്രഹിച്ചവരേക്കാൾ തങ്ങളുടെ രോഗത്തെ ചികിത്സിച്ച ഡോക്ടറെയാണ് പലരും ബഹുമാനിക്കുന്നത്. തങ്ങളുടെ ആത്മീയ ആരോഗ്യത്തെക്കാൾ ഭൗതീക ആരോഗ്യത്തിനു അവൻ വില കൊടുക്കുന്നു എന്നാണു അത് തെളിയിക്കുന്നത്.

എല്ലാ കടങ്ങളിൽനിന്നും സ്വതന്ത്രരായി ജീവിക്കുവാൻ പൂർണ്ണ ഹൃദയത്തോടെ നമുക്ക് ശ്രമിക്കാം.

ആരോടും ഒന്നും കടംപെട്ടിരിക്കരുത്.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)